**1941 ആഗസ്റ്റ് 26-ന് ലാഹോറിൽ ചേർന്ന ജമാഅത്തെ ഇസ്‌ലാമി രൂപീകരണ സമ്മേളനത്തിൽ മൗലാനാ മൗദൂദി ചെയ്ത പ്രാരംഭ പ്രസംഗം**

# ഇത് വ്യത്യസ്തമായ ഒരു സംഘടന

ഒരുകാലത്ത് സാധാരണ മുസ്‌ലിംകളെപ്പോലെ ഞാനും പരമ്പരാഗത മതത്തിന്റെ വക്താവും അതനുസരിച്ച് പ്രവർത്തിക്കുന്നവനുമായിരുന്നു. ബോധമുദിച്ചപ്പോൾ, ഇങ്ങനെ ബാപ്പമാരിൽ കണ്ടത് മാത്രം പിൻപറ്റി നടക്കുന്നതിൽ അർഥമില്ലെന്ന് ഞാൻ മനസ്സിലാക്കി. അങ്ങനെ ഖുർആനിലേക്കും സുന്നത്തിലേക്കും ശ്രദ്ധതിരിച്ചു. ഇസ്‌ലാമിനെ മനസ്സിലാക്കുകയും മനസ്സറിഞ്ഞ് അതിൽ വിശ്വസിക്കുകയും ചെയ്തു. പിന്നീട് ക്രമത്തിൽ ഇസ്‌ലാമിനെ സമഗ്രമായും വിശദമായും മനസ്സിലാക്കാൻ ശ്രമിച്ചു. അല്ലാഹു ഈ മാർഗത്തിൽ ഹൃദയത്തിന് പൂർണസംതൃപ്തി നൽകിയപ്പോൾ, ഞാൻ വിശ്വസിച്ച സത്യത്തിലേക്ക് മറ്റുള്ളവരെ കൂടി ക്ഷണിക്കാൻ തുടങ്ങി. ഈ ഉദ്ദേശ്യാർഥമാണ് ഹിജ്റ 52-ൽ 'തർജുമാനുൽ ഖുർആൻ' മാസിക ആരംഭിച്ചത്. ആദ്യത്തെ ഏതാനും വർഷങ്ങൾ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ദീനിനെ കുറിച്ചു വ്യക്തമായ ഒരു ചിത്രം അവതരിപ്പിക്കുന്നതിനുമാണ് വിനിയോഗിച്ചത്. അനന്തരം ദീനിനെ ഒരു പ്രസ്ഥാനമെന്ന നിലക്ക് നടപ്പിലാക്കാനുള്ള ശ്രമമാരംഭിച്ചു. ദീനിനെ പ്രസ്ഥാനരൂപത്തിൽ നടപ്പിലാക്കുക എന്നതുകൊണ്ടുദ്ദേശിച്ചത്, ദീൻ നമ്മുടെ ജീവിതത്തിൽ ഒരു സ്വകാര്യ ഇടപാടുകണക്കെ മുരടിച്ചു നിൽക്കരുതെന്നും മറിച്ച് സംഘടിതരൂപത്തിൽ ദീനിവ്യവസ്ഥ പ്രയോഗവൽക്കരിക്കാനും അതിനു മുമ്പിലുയർന്നുവരുന്ന തടസ്സങ്ങളെ തട്ടി നീക്കാനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്യണമെന്നാണ്. 'ഇദാറദാറുൽ ഇസ്‌ലാമി'ന്റെ രൂപീകരണം ഈ രംഗത്തെ പ്രഥമ കാൽവെയ്പ്പായിരുന്നു. ഹിജ്റ 1357 (1938) ലാണത് ആരംഭിച്ചത്. ആ സമയത്ത് വെറും നാലാളുകൾ മാത്രമേ കൂടെ ഉണ്ടായിരുന്നുള്ളൂ. ലളിതമായ ഈ തുടക്കം വളരെ നിസ്സാരമായാണ് അനുഭവപ്പെട്ടിരുന്നത്. എന്നാൽ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞങ്ങൾ നിരാശരായില്ല. ഇസ്‌ലാമിക പ്രസ്ഥാനത്തിലേക്കുള്ള ക്ഷണവും ഈ പ്രസ്ഥാനത്തിനു വേണ്ട മനസ്സുകളെ പാകപ്പെടുത്തലും മുറക്ക് നടന്നു. ആളുകൾ ഒന്നും രണ്ടുമായി വർധിച്ചുകൊണ്ടിരുന്നു. രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ സമാനാശയക്കാരായ ആളുകളുടെ 'ഹൽഖ'കൾ ഉയർന്നുവന്നു. സാഹിത്യപ്രചരണത്തോടൊപ്പം വാമൊഴിയായുള്ള ആശയ പ്രചരണങ്ങളും നടന്നു. അവസാനം പ്രസ്ഥാനത്തിന്റെ സ്വാധീനത്തെ കൂലങ്കശമായി വിലയിരുത്തിയപ്പോൾ ഒരു ഇസ്‌ലാമിക സംഘടനയുടെ (ജമാഅത്തെ ഇസ്‌ലാമി) രൂപീകരണത്തിനും ഇസ്‌ലാമിക പ്രസ്ഥാനത്തിന് സംഘടിതരൂപം നൽകുന്നതിനും സമയമായെന്ന് ബോധ്യപ്പെട്ടു. തദടിസ്ഥാനത്തിലാണ് ഇപ്പോൾ ഈ യോഗം ഇവിടെ വിളിച്ചു ചേർത്തിരിക്കുന്നത്.

മുസ്‌ലിംകൾക്കിടയിൽ നിലവിലുള്ള സംഘടനകളും നാം രൂപീകരിക്കാൻ പോകുന്ന സംഘടനയും തമ്മിൽ ചില മൗലിക വ്യത്യാസങ്ങളുണ്ട്.

ഒന്ന്. ഇസ്‌ലാമിന്റെ ഏതെങ്കിലും ശാഖയോ മുസ്‌ലിംകളുടെ ഏതെങ്കിലും ഭൗതിക താൽപര്യങ്ങളോ ആണ് ഇതര സംഘടനകൾ ഉയർത്തിപ്പിടിക്കുന്നത്. നാം ഇസ്‌ലാമിനെ മാത്രം, യഥാർഥ ഇസ്‌ലാമിനെ, സമ്പൂർണമായ ഇസ്‌ലാമിനെയാണ് ഉയർത്തിപ്പിടിക്കുന്നത്.

രണ്ട്. അവയുടെ സംഘടനാഘടന ലോകത്തിലെ മറ്റു പാർട്ടികളുടേത് തന്നെയാണ്. എന്നാൽ നാം നബി തിരുമേനി സ്ഥാപിച്ച ജമാഅത്തിന്റെ ഘടനയാണ് തെരഞ്ഞെടുക്കുക.

മൂന്ന്. മുസ്‌ലിംകളിൽ ജനിച്ചവരൊക്കെ "മുസ്‌ലിംകൾ" ആണെന്ന അടിസ്ഥാനത്തിൽ എല്ലാവരെയും ഈ സംഘടനകളിൽ ഉൾപെടുത്തുന്നതിനാൽ വിശ്വാസയോഗ്യരല്ലാത്തവരും വലിയ ഉത്തരവാദിത്വങ്ങൾ വഹിക്കാൻ യോഗ്യരല്ലാത്തവരുമായ ആളുകൾ, താഴെ തട്ട് മുതൽ നേതൃരംഗത്ത്വരെ, അതിൽ നിറഞ്ഞിരിക്കും. എന്നാൽ, നമ്മൾ സത്യവാക്യത്തിന്റെ അർഥവും വിവക്ഷയും താൽപര്യങ്ങളും ശരിക്ക് മനസ്സിലാക്കി മനസ്സറിഞ്ഞ് വിശ്വാസം കൊണ്ടവരെ മാത്രമാണ് ജമാഅത്തിൽ ചേർക്കുക. ജമാഅത്തിൽ വന്നശേഷം വിശ്വാസത്തിന്റെ താൽപര്യങ്ങളെ അവർ പൂർത്തീകരിക്കേണ്ടതുണ്ട്. ചുരുക്കത്തിൽ, ഇൻശാ അല്ലാഹ്, മുസ്‌ലിം സമൂഹത്തിലെ ഉത്തമഘടകമാണ് ജമാഅത്തിൽ ഉണ്ടായിരിക്കുക.

നാല്. മറ്റു സംഘടനകളുടെ വീക്ഷണം ഇന്ത്യയിൽ, ഇന്ത്യയിൽ തന്നെ മുസ്‌ലിം സമുദായത്തിൽ, പരിമിതമാണ്. കൂടുതൽ വിശാലമായ വീക്ഷണമുള്ളവർക്ക് തന്നെ ലോകത്തിലെ മുസ്‌ലിംകളിൽ പരിമിതമായ വീക്ഷണമേയുള്ളൂ. നേരത്തെ "മുസ്‌ലിം സമുദായ"ത്തിൽ ഉൾപെടുന്ന ആളുകളിൽ ഒതുങ്ങിനിൽക്കുന്നതാണ് ഇവരുടെ പ്രവർത്തനം. മുസ്‌ലിംകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിലേ അവയ്ക്കു താൽപര്യവുമുള്ളൂ. അമുസ്‌ലിംകളെ ആകർഷിക്കുന്ന ഒന്നുംതന്നെ അവരുടെ പ്രവർത്തനങ്ങളിൽ ഇല്ല. എന്നല്ല, അവയിൽ പലതിന്റെയും പ്രവർത്തനങ്ങൾ അമുസ്‌ലിംകളെ ഇസ്‌ലാമിൽനിന്ന് അകറ്റിക്കളയാൻ പര്യാപ്തവുമാണ്. എന്നാൽ ഇസ്‌ലാം തന്നെയാണ് നമ്മുടെ പ്രസ്ഥാനം. ഇസ്‌ലാമാകട്ടെ ലോകത്തെ മുഴുവൻ മനഷ്യർക്കു വേണ്ടിയുള്ളതാണ്. അതിനാൽ നമ്മുടെ ദൃഷ്ടി ഏതെങ്കിലും പ്രത്യേകരാജ്യത്തിലെ പ്രത്യേക സമുദായത്തിലെ താൽക്കാലിക പ്രശ്നങ്ങളുമായി കെട്ടുപിണഞ്ഞു നിൽക്കുന്നതല്ല. മറിച്ച് മനുഷ്യരാശിയോളം, ഭൂഗോളത്തോളം വിശാലമാണത്. എല്ലാ മനുഷ്യരുടെയും ജീവിത പ്രശ്നങ്ങൾ നമ്മുടെ കൂടി ജീവിത പ്രശ്നങ്ങളാണ്. അല്ലാഹുവിന്റെ കിതാബും നബി തിരുമേനിയുടെ സുന്നത്തും മുഖേനെയാണ് ആ പ്രശ്നങ്ങൾക്ക് നാം പരിഹാരം സമർപ്പിക്കുന്നത്. അതിനാൽ നമ്മുടെ ജമാഅത്തിൽ ജന്മനാ മുസ്‌ലിംകളായവരിൽ നിന്നു നല്ല വ്യക്തികൾ വന്നുചേരുന്നതുപോലെ ജന്മനാ അമുസ്‌ലിംകളായവരിൽ നിന്നുള്ള ഭാഗ്യശാലികളും വന്നുചേരുന്നതായിരിക്കും.

ഈ സവിശേഷതകൾ മൂലമാണ് നാം നമ്മുടെ ജമാത്തിനെ ഇസ്‌ലാമിക സംഘടന (ഇസ്‌ലാമി ജമാഅത്ത്), ഇസ്‌ലാമിക പ്രസ്ഥാനം (ഇസ്‌ലാമി തഹ്‌രീക്) എന്നു വിളിക്കുന്നത്. ഇതിന്റെ ആദർശവും ലക്ഷ്യവും സംഘടനാവ്യവസ്ഥയും പ്രവർത്തനശൈലിയുമെല്ലാം ഇസ്‌ലാമിന്റേതാണെന്നിരിക്കെ ''ഇസ്‌ലാമി ജമാഅത്ത്'' എന്ന് തന്നെയാണ് ഇതിന് ഏറ്റവും യോജിച്ച പേര്. ഇസ്‌ലാമിന്റെ യഥാർഥ ലക്ഷ്യത്തിലേക്ക് ഇസ്‌ലാമികമായ മാർഗത്തിലൂടെ ചലിച്ചുകൊണ്ടിരിക്കുന്ന സംഘടനയാകയാൽ ഇത് ഇസ്‌ലാമിക പ്രസ്ഥാനമല്ലാതെ മറ്റൊന്നുമാവുകയുമില്ല. പ്രവാചകത്വ യുഗത്തിനുശേഷം ഇത്തരം പ്രസ്ഥാനങ്ങൾ ലോകത്ത് വന്നപ്പോഴൊക്കെ അവർക്ക് ശക്തമായ രണ്ട് ആഭ്യന്തര ഭീഷണികളെ നേരിടേണ്ടി വന്നിട്ടുണ്ട്.

ഒന്ന്. ഇത്തരമൊരു സംഘത്തിനു രൂപം നൽകുകയും ഇത്തരമൊരു പ്രസ്ഥാനവുമായി രംഗത്ത് വരികയും ചെയ്ത ആളുകൾ അൽപം കഴിയുമ്പോഴേക്കും, പ്രവാചകന്മാരുടെ കാലത്ത് ഉണ്ടായിരുന്ന സംഘത്തിന്റെ അതേ അവസ്ഥയാണ് തങ്ങളുടെ ഈ സംഘത്തിന്റെയും അവസ്ഥയെന്ന് തെറ്റിദ്ധരിക്കുന്നു. അതായത് തങ്ങളുടെ ഈ സംഘത്തിൽനിന്ന് ഒറ്റപ്പെട്ട് നിൽക്കുന്നവരൊന്നും സത്യവിശ്വാസികളല്ലെന്ന് അവർ ധരിച്ചു വശരാകുന്നു. "ഒറ്റപ്പെട്ടവർ നരകത്തിലാണെന്ന്" വിധിയെഴുതപ്പെടുന്നു. അങ്ങനെ വളരെ പെട്ടെന്നു തന്നെ അവർ മുസ്‌ലിംകളിലെ ഒരു

പ്രത്യേക കക്ഷി (ഫിർഖത്) ആയി മാറുന്നു. പിന്നീട് അവരുടെ സകല സമയവും ക്രിയാത്മകമായ പ്രവർത്തനങ്ങൾക്കു പകരം മറ്റു മുസ്‌ലിംകളുമായുള്ള തർക്കവിതർക്കങ്ങളിൽ പാഴാക്കപ്പെടുന്നു.

രണ്ട്. ഇത്തരം ജമാഅത്തിന്റെ അമീറോ ഇമാമോ ആയി അംഗീകരിക്കപ്പെടുന്ന വ്യക്തിക്ക് നബി തിരുമേനിക്കു ശേഷം ഖുലഫാഉർറാശിദുകൾക്കുള്ള സ്ഥാനം കൽപിക്കപ്പെടുന്നു. അഥവാ ആ ഇമാമിനെ അംഗീകരിക്കാത്തവർ ഇസ്‌ലാമിക വൃത്തത്തിനു പുറത്താണെന്ന് തെറ്റിദ്ധരിക്കുന്നു. പിന്നീടവരുടെ മുഴുവൻ ത്യാഗപരിശ്രമങ്ങളും തങ്ങളുടെ ഇമാമിനെ, അല്ലെങ്കിൽ അമീറിനെ മറ്റുള്ളവരെക്കൊണ്ട് അംഗീകരിപ്പിക്കുന്നതിൽ കേന്ദ്രീകരിക്കുന്നു. നാം ഈ രണ്ട് ആപത്തുകളിൽ നിന്നും രക്ഷനേടേണ്ടതുണ്ട്. പ്രവാചകന്റെ നേതൃത്വത്തിൽ രൂപംകൊണ്ട സംഘത്തിന്റെ അവസ്ഥ നമുക്കില്ലെന്ന് നല്ലവണ്ണം മനസ്സിലാക്കണം. ഇസ്‌ലാമിക വ്യവസ്ഥ ശിഥിലമായതിനുശേഷം അതിനെ പുനരുജ്ജീവിപ്പിക്കാൻ ശ്രമിക്കുന്ന സംഘത്തിന്റെ അവസ്ഥയിലാണ് നാമുള്ളത്. പ്രവാചകന്റെ നേതൃത്വത്തിൽ ഒരു സംഘം രൂപംകൊള്ളുമ്പോൾ ലോകത്തിലെ ഇസ്‌ലാമിക സംഘം അത് മാത്രമായിക്കും. എന്നാൽ പിൽക്കാലത്ത് ആ വ്യവസ്ഥയുടെ പുനരുജ്ജീവനത്തിന് വേണ്ടി ശ്രമിക്കുന്ന ആളുകളെല്ലാം ഒരൊറ്റ സംഘത്തിൽ അണിചേർന്നുകൊള്ളണമെന്നില്ല. ഇത്തരം സംഘങ്ങൾ ഒരേസമയത്ത് തന്നെ ഒന്നിലധികം ഉണ്ടായിരിക്കാവുന്നതാണ്. ഞങ്ങൾ മാത്രമാണ് ഇസ്‌ലാമിക ജമാഅത്ത്, ഞങ്ങളുടെ അമീർ മാത്രമാണ് വിശ്വാസികളുടെ അമീർ എന്ന് അവകാശപ്പെടാൻ അവരിൽ ആർക്കും അധികാരമില്ല. ഇക്കാര്യത്തിൽ നമ്മുടെ ജമാഅത്തിൽ ചേരുന്ന എല്ലാവരും കണിശമായ സൂക്ഷ്മത പുലർത്തേണ്ടതാണ്. നമ്മുടെ ഭാഗത്ത് ഒരിക്കലും അതിരു കവിച്ചൽ ഉണ്ടാവരുത്. നാം ഒരിക്കലും ഒരു “കക്ഷി”യായി മാറരുത്. അല്ലാഹുവിന്റെ ദീനിനുവേണ്ടി സേവനം ചെയ്യുന്നതിനുപകരം അതിനു കൂടുതൽ ദോഷം വരുത്തി വക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുപോകുന്നതിൽ നിന്ന് അല്ലാഹു നമ്മെ കാത്തു രക്ഷിക്കുമാറാകട്ടെ.

ജമാഅത്തെ ഇസ്‌ലാമിക്ക് ലോകത്ത് ചെയ്യാനുള്ള പ്രവൃത്തിയെക്കുറിച്ച് സങ്കുചിതമായ ഒരു സങ്കൽപവും മനസ്സിൽ രൂപപ്പെടുത്തരുത്. വാസ്തവത്തിൽ ഇതിന് ഒരു പ്രവർത്തനമണ്ഡലം മാത്രമല്ല ഉള്ളത്. മറിച്ച്, മനുഷ്യജീവിതമാസകലം, അതിന്റെ എല്ലാ വിശാലതയോടുംകൂടി ഈ സംഘടനയുടെ പ്രവൃത്തിമണ്ഡലമാണ്. ഇസ്‌ലാം എല്ലാ മനുഷ്യർക്കും വേണ്ടിയുള്ളതാണ്. മനുഷ്യനുമായി ബന്ധമുള്ളതെല്ലാം ഇസ്‌ലാമുമായി ബന്ധമുള്ളതാണ്. അതിനാൽ ഇസ്‌ലാമിക പ്രസ്ഥാനം ഒരു സമഗ്രപ്രസ്ഥാനമാണ്. ഈ പ്രസ്ഥാനത്തിൽപ്രവർത്തിക്കാൻ പ്രത്യേക യോഗ്യതയും ഗുണവിശേഷങ്ങളുമുള്ള ആളുകളേ ആവശ്യമുള്ളു എന്ന് കരുതുന്നത് തെറ്റിദ്ധാരണയാണ്. അല്ല, എല്ലാ ആളുകൾക്കും ഇവിടെ ജോലിയുണ്ട്. ഒരാളും പ്രയോജനശൂന്യരല്ല. ഓരോരുത്തർക്കും അവരവരുടെ യോഗ്യത അനുസരിച്ച് ഇസ്‌ലാമിക സേവനത്തിൽ തന്റേതായ പങ്കുവഹിക്കാവുന്നതാണ്. സ്ത്രീകൾ, വൃദ്ധർ, യുവജനങ്ങൾ, ഗ്രാമീണർ, നഗരവാസികൾ, കർഷകർ, തൊഴിലാളികൾ, കച്ചവടക്കാർ, ഉദ്യോഗസ്ഥർ, പ്രസംഗകർ, എഴുത്തുകാർ, സാഹിത്യകാരന്മാർ, അക്ഷരാഭ്യാസമില്ലാത്തവർ എല്ലാവരും ഈ ജോലിക്കു ആവശ്യമുള്ളവരാണ്. ഒറ്റ ഉപാധിയേയുള്ളൂ. അവർ ഇസ്‌ലാമിക ദർശനത്തെ മനസ്സറിഞ്ഞ് ഉൾകൊള്ളണം. അതനുസരിച്ച് പ്രവർത്തിക്കുമെന്ന് തീരുമാനിക്കണം. ഇസ്‌ലാം മുസ്‌ലിംകളുടെ ലക്ഷ്യമായംഗീകരിച്ച അതേ ലക്ഷ്യം തങ്ങളുടെ ജീവിതത്തിന്റെ ലക്ഷ്യമായംഗീകരിക്കണം. ചുരുക്കത്തിൽ ജമാഅത്തിന്റെ മുമ്പിലുള്ള ലക്ഷ്യം നിസ്സാരമോ ലളിതമോ അല്ലെന്ന് ജമാഅത്തെ ഇസ്‌ലാമിയുമായി ബന്ധപ്പെടുന്ന ഓരോ വ്യക്തിയും മനസ്സിലാക്കേണ്ടതുണ്ട്. ലോകത്തിലെ മുഴുവൻ ജീവിത വ്യവസ്ഥകളെയും മാറ്റിത്തിരുത്തേണ്ടവരാണ് അവർ. ധാർമികവും രാഷ്ട്രീയവും നാഗരികവും സാമ്പത്തികവും സാമൂഹികവുമായ സകല വ്യവസ്ഥകളെയും അവർക്ക് മാറ്റേണ്ടതുണ്ട്. ദൈവധിക്കാരത്തിന്റെ അടിത്തറയിൽ ഉയർത്തപ്പെട്ട സകല വ്യവസ്ഥകളെയും തുടച്ചുമാറ്റി ദൈവാനുസരണത്തെ ആധാരമാക്കിയുള്ള ഒരു വ്യവസ്ഥ അവർക്ക് സ്ഥാപിക്കേണ്ടതുണ്ട്. ഈ മാർഗത്തിൽ സകല പൈശാചിക ശക്തികളോടും അവർക്ക് ഏറ്റുമുട്ടേണ്ടതുണ്ട്. ഇതൊരു നിസ്സാര കാര്യമാണെന്ന് മനസ്സിലാക്കിയാണ് വരുന്നതെങ്കിൽ പ്രയാസങ്ങളുടെ പർവതങ്ങൾ അധികം വൈകാതെ തന്നെ അവരുടെ മനക്കരുത്ത് തകർക്കും. അതിനാൽ കാൽ മുന്നോട്ടെടുത്തുവെക്കുന്നതിനു മുമ്പ് ഓരോരുത്തരും നല്ലവണ്ണം മനസ്സിലാക്കണം, തങ്ങൾ ഏതൊരു മാർഗത്തിലാണ് കാലെടുത്തുവെക്കുന്നതെന്ന്. ഈ പാതയിൽ മുന്നോട്ടു നീങ്ങുന്നതും പിന്നോട്ട് വലിയുന്നതും ഒരു പോലെയല്ല. ഇവിടെ പിൻവലിയുന്നതിന്റെ അർഥം മുർതദ്ദാവുന്നതിന് സമമാണ്. ഈ ജമാഅത്തിൽനിന്ന് പുറത്തുപോകുന്നത് മുർത്തദ്ദാവലാണ് എന്നല്ല പറഞ്ഞതിനർഥം. അല്ലാഹുവിന്റെ മാർഗത്തിൽ മുന്നോട്ട് കാലെടുത്തു് വെച്ചശേഷം പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ആപത്തുകളും കണ്ട് പിൻമാറുന്നത് യഥാർഥത്തിൽ മുർത്തദ്ദാവലാണെന്നാണ് പറഞ്ഞത്.

അതിനാൽ കാലെടുത്തു വെക്കുന്നതിനു മുമ്പായി നല്ലവണ്ണം ചിന്തിക്കുക. മുന്നോട്ടു കാലൂന്നുമ്പോൾ ദൃഢനിശ്ചത്തോടെ ചെയ്യുക. പിന്നീട് പാദം പിന്നോട്ട് വലിക്കാൻ ഇടവരരുത്. ഉള്ളിൽ നേരിയതോതിലെങ്കിലും ബലഹീനത അനുഭവപ്പെടുന്നവർ ഇപ്പോൾതന്നെ പിന്മാറുകയാണ് നല്ലത്.

ഇസ്‌ലാമികാദർശത്തെ ബോധപൂർവം ഉൾകൊണ്ട് അതിനു വേണ്ടി പ്രവർത്തിക്കാൻ തയാറായവർ തങ്ങളുടെ ഏകാകിത ഉപേക്ഷിച്ച് അല്ലാഹുവും അവന്റെ പ്രവാചകരും നിർദേശിച്ചത്പോലെ സംഘടിതമായി പരസ്പരം കൂടിയാലോചിച്ചു കൊണ്ട് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു വ്യവസ്ഥ ഉണ്ടാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഈ യോഗം വിളിച്ചു കൂട്ടിയിട്ടുള്ളത്. എന്റെ ജോലി ഒരു സംഘടന രൂപീകരിക്കുന്നതോടെ അവസാനിക്കുന്നതാണ്. ഞാൻ ഒരു പ്രബോധകൻ മാത്രമാകുന്നു. മറന്നുപോയ ഒരു കാര്യം ഓർമിപ്പിക്കുന്ന ഒരാൾ. നടേ പറഞ്ഞതുപോലുള്ള ഒരു സംഘടന ഉണ്ടാകണം എന്ന ലക്ഷ്യം വെച്ചുകൊണ്ടാണ് ഞാൻ ഇതുവരെ പ്രവർത്തിച്ചത്. സംഘടന ഉണ്ടായിക്കഴിഞ്ഞാൽ ഞാൻ നിങ്ങളിൽ ഒരുവൻ മാത്രമായിരിക്കും. പിന്നീട് തങ്ങളിൽനിന്ന് ഒരാളെ അമീറായി തെരഞ്ഞെടുക്കുക എന്നത് ഈ സംഘടനയുടെ കർത്തവ്യമാണ്. ഭാവിയിൽ ഈ പ്രസ്ഥാനത്തെ ചലിപ്പിക്കുന്നതിനുവേണ്ടിയുള്ള പരിപാടി തയാറാക്കലും നടപ്പിലാക്കലും ആ അമീറിന്റെയും ചുമതലയായിരിക്കും. ഈ സമ്മേളനം വിളിച്ചുചേർത്തത് ഞാനായത്കൊണ്ട് ഭാവിയിൽ പ്രസ്ഥാനത്തിന് നേതൃത്വം നൽകേണ്ടതും ഞാൻ തന്നെയാണെന്ന അവകാശബോധം എനിക്കുണ്ടെന്ന് ആരും എന്നെക്കുറിച്ച് തെറ്റിദ്ധരിക്കരുത്. ഞാനത് ഒരിക്കലും ആഗ്രഹിക്കുന്നില്ല. യോഗം വിളിച്ചുചേർത്ത ആൾതന്നെ അവസാനം നേതാവായിരിക്കണമെന്ന സിദ്ധാന്തവും എനിക്കില്ല. മഹത്തായ ഈ പ്രസ്ഥാനത്തിന്റെ നേതാവായിരിക്കാനുള്ള യോഗ്യത എനിക്കുണ്ടെന്ന തെറ്റിദ്ധാരണയും എനിക്കില്ല. ഈ ജോലിയുടെ ഭാരിച്ച ഉത്തരവാദിത്വം മനസ്സിലാക്കിയ ബുദ്ധിയുള്ള ഏതെങ്കിലുമൊരാൾ, അത് സ്വന്തം ചുമലിലേറ്റി നടക്കാൻ തനിക്കു കഴിയിമെന്ന ദൃഢവിശ്വാസം പുലർത്തുമെന്ന് തോന്നുന്നില്ല. ശരിയായ ഒരു ഇസ്‌ലാമിക സംഘടന നിലവിൽവന്ന് അതിൽ അംഗമായി ചേരണം എന്ന് മാത്രമാണ് ഞാൻ ആഗ്രഹിക്കുന്നത്. ഇസ്‌ലാമിക സംഘടനാ വ്യവസ്ഥക്കു കീഴിൽ ചപ്രാസിപ്പണി ചെയ്യുന്നതിലാണ് അനിസ്‌ലാമിക വ്യവസ്ഥക്ക് കീഴിൽ പ്രസിഡണ്ടോ പ്രധാനമന്ത്രിയോ ആവുന്നതിനേക്കാൾ ഞാൻ അഭിമാനം കൊള്ളുക. അതിനാൽ, ജമാഅത്തെ ഇസ്‌ലാമി രൂപീകരണത്തിന് ശേഷം അതിന്റെ നേതൃത്വവും ഞാൻ തന്നെ കയ്യിലെടുക്കണമെന്ന് ധരിക്കരുത്. ജമാഅത്ത് രൂപം കൊള്ളുന്നതോടെ എന്റെ ഇതുവരെയുള്ള അവസ്ഥ അവസാനിക്കുന്നതാണ്. ഭാവിപ്രവർത്തനങ്ങളുടെ ഉത്തരവാദിത്വം ആരെയാണോ ഏൽപിക്കുന്നത് അദ്ദേഹത്തെ അനുസരിക്കുകയും ഗുണകാംക്ഷയോടുകൂടി അദ്ദേഹത്തെ സഹകരിക്കുകയും ചെയ്യാൻ എല്ലാ ജമാഅത്തംഗങ്ങളെയും പോലെ ഞാനും ബാധ്യസ്ഥനായിരിക്കും.